1. **കേരളീയരെ മനുഷ്യത്വം പഠിപ്പിച്ച ഏകഗുരുനാഥൻ എന്ന് ആരെക്കുറിച്ചാണ് ലേഖകൻ പറയുന്നത്?**
ശ്രീനാരായണഗുരുവിനെക്കുറിച്ച്

2. **ആധുനികകാലത്തെ ധർമ്മസ്ഥാപനത്തിനുള്ള മുഖ്യമാർഗം ഏതാണെന്നാണ് ലേഖകൻ പറയുന്നത്?**
അധഃകൃതവർഗോദ്ധാരണം

3. **മറ്റു സന്ന്യാസിമാരിൽ നിന്ന് ഗുരു എങ്ങനെയാണ് വ്യത്യസ്തനാകുന്നത്?**
ശ്രീനാരായണഗുരു മറ്റ് പല യതിവര്യരും ചെയ്യാറുള്ളതുപോലെ സ്വമോക്ഷത്തെ ലക്ഷ്യമാക്കി പ്രവൃത്തിരംഗത്തുനിന്ന് നിവൃത്തനായില്ല. മറിച്ച് തപശ്ചര്യകൊണ്ട് വികസിച്ച സ്വകീയമായ വ്യക്തിമഹത്വത്തെ സമൂഹോന്നമനത്തിനായി വിനിയോഗിച്ചു.

4. **മതാതീതനായ തത്ത്വജ്ഞാനിയായിരുന്നു ഗുരുദേവൻ. അദ്ദേഹത്തിന്റെ ജീവിതത്തിൽനിന്ന് ഏതെങ്കിലുമൊരു സന്ദർഭം വ്യക്തമാക്കുക.**
മറ്റു മതപ്രചാരകന്മാർ അവനവന്റെ മതമാകുന്ന പുഴയുടെ ആഴവും നീളവും അളന്നു കാണിച്ച് പ്രചാരണ പെരുമ്പറ മുഴക്കി. എന്നാൽ ശ്രീനാരായണഗുരു ഹിന്ദുമതത്തെപ്പറ്റി ഒരക്ഷരവും പറഞ്ഞില്ല. മറിച്ച് എല്ലാ മതനദികളും ചെന്നുചേരുന്ന മഹാസമുദ്രത്തെപ്പറ്റിയാണ് അദ്ദേഹം പറഞ്ഞത്. മതാതീതനായ ഒരു തത്ത്വജ്ഞാനിയായിരുന്നു ഗുരുദേവൻ എന്നതിന് തെളിവാണിത്.

5. **അധഃകൃതവർഗോദ്ധാരകൻ എന്നതിനു പുറമേ ശ്രീനാരായണഗുരുവിന്റെ സമർപ്പിതജീവിതം വ്യത്യസ്തമായത് ഏതൊക്കെ നിലകളിലായിരുന്നു?**
മനുഷ്യജാതിയെന്ന വിശ്വവിശാലമായ ആശയം ആദ്യമായി അവതരിപ്പിച്ച വ്യക്തി, മതത്തെയും ദൈവത്തെയും ഏകത്വത്തിൽ വിലയിപ്പിച്ച തത്ത്വദർശി, മൂഢമായ ആചാരങ്ങളെയും അന്ധവിശ്വാസങ്ങളെയും ധീരതയോടെ ധ്വംസിച്ച് സാമൂഹികജീവിതത്തിൽ വിപ്ലവം സൃഷ്ടിച്ച ഉല്പതിഷ്ണു, മതാതീതനായ തത്ത്വജ്ഞാനി തുടങ്ങിയ നിലകളിലെല്ലാം വ്യത്യസ്തനായിരുന്നു ശ്രീനാരായണഗുരു.

6. **ഒരു പ്രത്യേക മതത്തെ ആസ്പദമാക്കി ശ്രീനാരായണഗുരു ക്ഷേത്രങ്ങൾ സ്ഥാപിച്ചത് എന്തിനായിരുന്നു?**
പാമരർ ഭൂരിപക്ഷമായുള്ള അധഃസ്ഥിതസമുദായങ്ങളെ പടിപടിയായി ഉയർത്തിക്കൊണ്ടുവരുന്നതിനാവശ്യമായ ഒരു താൽക്കാലികോപാധി മാത്രമായിരുന്നു ശ്രീനാരായണഗുരു സ്ഥാപിച്ച ക്ഷേത്രങ്ങൾ. ക്ഷേത്രങ്ങൾ ഇനി ആവശ്യമില്ലെന്നും തൽസ്ഥാനത്ത് വിദ്യാഭ്യാസ സ്ഥാപനങ്ങളോ തൊഴിൽശാലകളോ ആണ് വേണ്ടതെന്നും അദ്ദേഹം പിന്നീടു പറഞ്ഞിട്ടുണ്ട്.

7. **കണ്ണാടിപ്രതിഷ്ഠകൊണ്ട് ഗുരു അർത്ഥമാക്കിയത് എന്താണ്?**
മനുഷ്യന്റെ ധ്യാനലക്ഷ്യം മനുഷ്യൻ തന്നെയാണെന്നും അവന്റെ മനശ്ശക്തിയുടെ വികാസമാണാവശ്യമെന്നും ഉള്ള വസ്തുതയാണ് കണ്ണാടിപ്രതിഷ്ഠയിലൂടെ ഗുരു അർത്ഥമാക്കിയത്.

8. **ശ്രീനാരായണോപദേശങ്ങളുടെ ഒരു പ്രത്യേകതയായി ചൂണ്ടിക്കാണിക്കുന്നതെന്ത്?**
സാർവലൗകികത്വം

9. **ശ്രീനാരായണോപദേശങ്ങളുടെ സവിശേഷതകൾ വിശദമാക്കുക.**
ചക്രവാളംപോലെ, അടുക്കുന്തോറും കൂടുതൽ അർഥവിസ്തൃതമാകുന്നവയാണ് ശ്രീനാരായണോപദേശങ്ങൾ. ആർക്കും മനസ്സിലാകുംവിധം തികച്ചും ലളിതമായ ഭാഷയിലാണ് അദ്ദേഹം അവ രചിച്ചത്. സൂത്രവാക്യസദൃശമായ അർഥഗാംഭീര്യവും അവയിൽ കാണാം. പാമരജനങ്ങൾക്കു മനസ്സിലാകുംവിധമായിരുന്നു അവയുടെ രചന.

10. **ശ്രീനാരായണഗുരു നമുക്കെല്ലാവർക്കും പ്രാതഃസ്മരണീയനാകുന്നതിനുകാരണം എന്താണെന്നാണ് ലേഖകൻ പറയുന്നത്?**
കേരളത്തെ ജാതീയമായ അസമത്വങ്ങളിൽ നിന്ന് മോചിപ്പിച്ചു എന്നതുകൊണ്ടാണ് ശ്രീനാരായണഗുരു നമുക്കെല്ലാവർക്കും പ്രാതഃസ്മരണീയനാകുന്നത് എന്നാണ് ലേഖകൻ പറയുന്നത്.

'മനുഷ്യജാതിയെന്ന വിശ്വവിശാലമായ ആശയത്തിന്റെ പ്രഥമാവതാരകനാണ് ഗുരു.'

- **'മനുഷ്യർക്കു മാത്രം സംശയം. സ്വന്തം ജാതി തിരിച്ചറിയാനുള്ള ശക്തിയില്ല. മൃഗങ്ങളെക്കാളും മോശം.'**

**മേൽക്കൊടുത്ത പ്രസ്താവനകളുടെ വെളിച്ചത്തിൽ ജാതിയെക്കുറിച്ചുള്ള ശ്രീനാരായണഗുരുവിന്റെ വീക്ഷണം വിശദമാക്കുന്ന ഉപന്യാസം തയാറാക്കുക. (സ്കോർ : 6)**

ജാതിഭേദമോ മതദ്വേഷമോ കൂടാതെ ഏവരും സഹോദരങ്ങളെപ്പോലെ ജീവിക്കുന്ന മാതൃകാസ്ഥാനമായി കേരളത്തെ മാറ്റാൻ പരിശ്രമിച്ച സന്യാസി ശ്രേഷ്ഠനായിരുന്നു ശ്രീനാരായണ ഗുരു. അധഃകൃതവർഗോദ്ധാരണത്തിനുമപ്പുറം മനുഷ്യജാതിയെന്ന വിശ്വവിശാലമായ മനോഭാവം രൂപപ്പെടുത്തുകയായിരുന്നു ഗുരുവിന്റെ ലക്ഷ്യം.

സഹസ്രാബ്ദങ്ങളായി നിലനിന്ന മൂഢാചാരങ്ങളെയും അന്ധവിശ്വാസങ്ങളെയും ധീരതയോടെ ധ്വംസിച്ച് സാമൂഹികജീവിതത്തിൽ വിപ്ലവം സൃഷ്ടിച്ച ഉല്പതിഷ്ണു, യുക്തിപൂർവം എല്ലാ മതപ്രമാണത്തെയും തത്ത്വസംഹിതയെയും നിരൂപണം ചെയ്ത സ്വതന്ത്രചിന്തകൻ എന്നീ നിലകളിലും ശ്രീനാരായണഗുരു ശോഭിക്കുന്നു.

മറ്റു മതാചാര്യന്മാരെപ്പോലെ ആദ്ധ്യാത്മികതയെയും ഭൗതികതയെയും വേർതിരിച്ചു കാണിച്ച് രണ്ടാമത്തേതിനെ നിസ്സാരമാക്കി കാണിക്കാൻ ഗുരു ഒരിക്കലും മുതിർന്നില്ല. രണ്ടും ജീവിതത്തിന്റെ അവിഭാജ്യഘടകങ്ങളും സമപ്രധാനങ്ങളുമാണെന്ന തത്ത്വമാണ് ഗുരു ദർശിച്ചത്. ഗുരു മനുഷ്യനന്മയ്ക്കാണ് പ്രാധാന്യം നൽകിയത്. ആ നന്മയ്ക്ക് മതം ആവശ്യമില്ലെന്ന ധ്വനികൂടി അദ്ദേഹത്തിന്റെ ചിന്തയിലുണ്ട്. മറ്റുമതപ്രചാരകന്മാർ സ്വന്തം